# ഹജ്ജും തൗഹീദും

ലേഖനം

ഹൈദരലി ശാന്തപുരം

**ബഹുമുഖ** ഉദ്ദേശ്യലക്ഷ്യങ്ങളുള്ള ആരാധനാ കർമമാണ് ഹജ്ജ്. സത്യവിശ്വാസികളെ ഏകദൈവവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുക അതിൽ ഏറ്റവും പ്രധാനം. ഹജ്ജിലെ അനുഷ്ഠാനകർമങ്ങളെല്ലാം വിശ്വാസികളുടെ ഹൃദയങ്ങളിൽ ഏകദൈവവിശ്വാസം സുദൃഢമാക്കാൻ സഹായകമാണ്. വിവിധ സന്ദർഭങ്ങളിൽ ചൊല്ലാൻ നിർദേശിക്കപ്പെട്ട ദിക്റുകളും പ്രാർഥനകളും തൗഹീദിന്റെ ആശയം ഉൾക്കൊള്ളുന്നു. ഇഹ്റാമിന്റെ പ്രത്യേക വസ്ത്രം ധരിച്ച് ഹജ്ജിൽ പ്രവേശിക്കുന്നത് اَللّهُمَّ لَبَّيْكَ حَجًّا (അല്ലാഹുവേ, നിന്റെ വിളിക്ക് ഉത്തരം നൽകി ഞാൻ ഹജ്ജ് നിർവഹിക്കുന്നു) എന്നു പറഞ്ഞുകൊണ്ടാണ്. കഅ്ബാ നിർമാണശേഷം ഇബ്റാഹീം നബി(സ)ക്ക് അല്ലാഹു കൽപന നൽകി, ജനങ്ങളിൽ ഹജ്ജിന് വിളംബരം ചെയ്യാൻ. ആ വിളംബരത്തിന് ഉത്തരം ചെയ്തുകൊണ്ടാണ് ഹാജിമാർ നിരന്തരം തൽബിയത്ത് ചൊല്ലുന്നത്. 'ഉത്തരം ചെയ്യുക' എന്നാണ് തൽബിയത്തിനർഥം.

ഇഹ്റാമിൽ പ്രവേശിച്ചതുമുതൽ ഹാജിമാർ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കും:

لَبَّيْكَ اللّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إنَّ الْحَمْدَ وَالنِعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ

(അല്ലാഹുവേ, ഞാനിതാ നിന്റെ വിളിക്ക് ഉത്തരം നൽകിയിരിക്കുന്നു. ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു. ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരനുമില്ല. ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു. സർവസ്തുതിയും നിനക്ക് അവകാശപ്പെട്ടതാണ്. എല്ലാ അനുഗ്രഹവും നിന്റേതാണ്. എല്ലാ അധികാരവും നിനക്ക് മാത്രമാണ്. നിനക്ക് ഒരു പങ്കുകാരനുമില്ല).

മിനായിലും അറഫയിലും മുസ്ദലിഫയിലുമെല്ലാം ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏക ഇലാഹായ അല്ലാഹു എങ്ങോട്ട് എപ്പോൾ വിളിച്ചാലും അവിടെയെല്ലാം സന്നിഹിതനാകാൻ താൻ സന്നദ്ധനാണെന്ന പ്രഖ്യാപനമാണ് അതിലൂടെ ഓരോ ഹാജിയും നടത്തിക്കൊണ്ടിരിക്കുന്നത്. തൽബിയത്തിലെ ഓരോ വാക്യവും അർഥം ഗ്രഹിച്ചും ഹൃദയ സാന്നിധ്യത്തോടെയും ഉരുവിടുമ്പോൾ ഹൃദയം ഏകദൈവവിശ്വാസത്താൽ പ്രഭാപൂരിതമാവുകയും സകല ദൈവേതര ശക്തികളുടെയും സ്വാധീനത്തിൽനിന്ന് മുക്തമാവുകയും ചെയ്യും.

ഹജ്ജിലെ ഒരു സുപ്രധാന കർമമാണ് ത്വവാഫ്. കഅ്ബയെ ഏഴു പ്രാവശ്യം ചുറ്റുന്നതിനാണ് ത്വവാഫ് എന്നു പറയുന്നത്. ഏകദൈവത്വത്തിന്റെ കേന്ദ്രമായി ഭൂമുഖത്ത് ആദ്യമായി സംസ്ഥാപിതമായ കഅ്ബയുടെ നിർമാണവേളയിൽ അല്ലാഹു ഇബ്റാഹീം നബി(അ)ക്ക് നൽകിയ നിർദേശം വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്:

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾

(ഇഹ്റാഹീമിന് നാം ഈ (കഅ്ബാ)മന്ദിരത്തിന്റെ സ്ഥാനം നിർണയിച്ചുകൊടുത്ത സന്ദർഭമോർക്കുക. (അതോടൊപ്പം നാം കൽപിച്ചിട്ടുണ്ടായിരുന്നു) യാതൊന്നിനെയും എന്റെ പങ്കാളിയാക്കാതിരിക്കണം. ത്വവാഫ് ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്കും വേണ്ടി എന്റെ ഭവനം ശുദ്ധമാക്കി വെക്കുകയും വേണം- *അൽഹജ്ജ്* 26).

'ശുദ്ധമാക്കിവെക്കുക' എന്നതിന്റെ ഉദ്ദേശ്യം ബാഹ്യശുദ്ധി മാത്രമല്ല, തൗഹീദിനു വിരുദ്ധമായ എല്ലാ വിശ്വാസാചാരങ്ങളിൽനിന്നുമുള്ള മുക്തി കൂടിയാണ്. ഇബ്റാഹീം നബി(അ)ക്കു ശേഷം കഅ്ബാ പരിപാലനച്ചുമതല കൈയേൽക്കുന്ന എല്ലാവർക്കുമുള്ളതാണ് ഈ നിർദേശം. എന്നാൽ നൂറ്റാണ്ടുകൾക്കു ശേഷം ഏകദൈവത്വത്തിനു കടകവിരുദ്ധമായ ആദർശവിശ്വാസങ്ങളും ആചാരങ്ങളും അംഗീകരിച്ച ഒരു വിഭാഗത്തിന്റെ കരങ്ങളിൽ കഅ്ബാ പരിപാലനാധികാരം എത്തിപ്പെട്ടപ്പോൾ, ദൈവികഭവനത്തെ നിർമാണലക്ഷ്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങി. വിഗ്രഹഭഞ്ജകനായ ഇബ്റാഹീം നബി(അ)യുടെ പ്രതിമ പോലും നിർമിച്ച് പരിശുദ്ധ കഅ്ബക്കുള്ളിൽ പ്രതി

ഷ്ഠിച്ചു. ഹിജ്റ എട്ടാം വർഷം മക്കാ വിജയവേളയിൽ മുഹമ്മദ് നബി(സ)യാണ് വിശുദ്ധ ഭവനത്തിന് അതിന്റെ പവിത്രത തിരിച്ചുനൽകിയത്. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) റിപ്പോർട്ട് ചെയ്യുന്നു: "നബി(സ) മക്കാ വിജയ ദിവസം മക്കയിൽ പ്രവേശിക്കുമ്പോൾ വിശുദ്ധ കഅ്ബക്കു ചുറ്റും മുന്നൂറ്റി അറുപത് വിഗ്രഹങ്ങളുണ്ടായിരുന്നു. 'സത്യം സമാഗതമായി. അസത്യം പരാജയപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞ് നബി (സ) അവയെ തന്റെ കൈയിലുണ്ടായിരുന്ന ഒരു കൊള്ളികൊണ്ട് കുത്തിക്കൊണ്ടിരുന്നു" (ബുഖാരി).

മക്കാ വിജയശേഷം നടന്ന ആദ്യത്തെ ഹജ്ജ് വേളയിൽ, അടുത്ത വർഷം മുതൽ ബഹുദൈവവിശ്വാസികൾക്ക് ഹജ്ജിന് നിരോധമേർപ്പെടുത്തിക്കൊണ്ടുള്ള വിളംബരമുണ്ടായി. അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: "നബി(സ) അബൂബക്കറി(റ)നെ ഹജ്ജത്തുൽ വിദാഇന്റെ മുമ്പത്തെ ഹജ്ജിന് അമീറായി നിശ്ചയിച്ചു. 'ഈ വർഷത്തിനു ശേഷം ഒരു ബഹുദൈവവിശ്വാസിയും ഹജ്ജിന് പങ്കെടുക്കരുതെന്നും നഗ്നനായി ഒരാളും കഅ്ബ ത്വവാഫ് ചെയ്യരുതെ'ന്നും ജനങ്ങളിൽ വിളംബരം ചെയ്യാൻ ബലിദിനത്തിൽ ഞാനടങ്ങുന്ന ഒരു സംഘത്തെ അദ്ദേഹം നിയോഗിക്കുകയുണ്ടായി" (ബുഖാരി).

ഏക ഇലാഹായ അല്ലാഹുവോടുള്ള ബഹുമാനാദരവുകളുടെയും സ്നേഹവികാരങ്ങളുടെയും പ്രകടനമാണ് ത്വവാഫ്. മർഹൂം സയ്യിദ് അബുൽ അഅ്ലാ മൗദൂദി 1963-ൽ ഹാജിമാരെ അഭിസംബോധന ചെയ്തുകൊണ്ട് മക്കയിലെ മസ്ജിദുൽ ഹറാമിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു: "എന്താണ് ത്വവാഫ്? മനുഷ്യൻ ഏതൊരു ശക്തിയെ തന്റെ അനുഗ്രഹദാതാവും ആരാധ്യനുമായി അംഗീകരിക്കുന്നുവോ അവനു വേണ്ടി സ്വയം അർപ്പിക്കുകയും അവനു ചുറ്റും പ്രദക്ഷിണം ചെയ്യുകയും ബലിദാനങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്ന അവന്റെ സ്വാഭാവിക വികാരത്തിന്റെ പ്രകടനമാണ് ഇത്. അല്ലാഹുവെ നമുക്ക് നേരിട്ട് പ്രാപിക്കാനോ അവനു ചുറ്റും പ്രദക്ഷിണം ചെയ്യാനോ സാധ്യമല്ല. അവന്റെ അസ്തിത്വം അതിനെല്ലാം അതീതമാണ്. അവൻ നമ്മുടെ ഈ വികാരത്തിന്റെ ശമനത്തിനു വേണ്ടി പരിശുദ്ധ കഅ്ബയെ തന്റെ വീടായി നിശ്ചയിച്ചുതരികയും 'എനിക്ക് അർപ്പിക്കാനുള്ള ഏതൊരു വികാരം നിങ്ങളുടെ ഹൃദയത്തിലുണ്ടോ അതിന്റെ ശമനത്തിനുവേണ്ടി എന്റെ ഈ ഭവനത്തെ പ്രദക്ഷിണം ചെയ്യുക' എന്ന് നിർദേശിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അതിനാൽ നിങ്ങൾ ഈ ഭവനത്തെ പ്രദക്ഷിണം ചെയ്യുമ്പോൾ ഒരു കമിതാവ് തന്റെ യഥാർഥ സ്നേഹിതനെ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന സ്നേഹവികാരാവേശത്തോടുകൂടി പ്രദക്ഷിണം ചെയ്യുക. ഓരോ ത്വവാഫിന്റെയും ആരംഭം ഹജറുൽ അസ്‌വദിനെ ചുംബിച്ചുകൊണ്ടോ തൊട്ടു മുത്തികൊണ്ടോ അതിനു നേരെ ആംഗ്യം കാണിച്ചുകൊണ്ടോ ആയിരിക്കും. ഇത് യഥാർഥത്തിൽ ഒരു കല്ലിന്റെ ചുംബനമല്ല. കമിതാവിന്റെ ഉമ്മറപ്പടിയുടെ ചുംബനമാണ്" (*ഹറമിന്റെ സന്ദേശം*, പേജ് 24).

**ഏക ഇലാഹായ അല്ലാഹു എങ്ങോട്ട് എപ്പോൾ വിളിച്ചാലും അവിടെയെല്ലാം സന്നിഹിതനാകാൻ താൻ സന്നദ്ധനാണെന്ന പ്രഖ്യാപനമാണ് ഓരോ ഹാജിയും നടത്തിക്കൊണ്ടിരിക്കുന്നത്. തൽബിയത്തിലെ ഓരോ വാക്യവും അർഥം ഗ്രഹിച്ചും ഹൃദയ സാന്നിധ്യത്തോടെയും ഉരുവിടുമ്പോൾ ഹൃദയം ഏകദൈവവിശ്വാസത്താൽ പ്രഭാപൂരിതമാവുകയും സകല ദൈവേതര ശക്തികളുടെയും സ്വാധീനത്തിൽനിന്ന് മുക്തമാവുകയും ചെയ്യും.**

ത്വവാഫിൽ ചൊല്ലാൻ നബി(സ) പ്രത്യേകം പഠിപ്പിച്ച ദിക്റും ദുആയും അല്ലാഹുവിന്റെ മഹത്വവും അധീശത്വവും മനസ്സിൽ സുദൃഢമാകാൻ സഹായകമാകുന്നു.

ത്വവാഫ് തുടങ്ങേണ്ടത് بِسْمِ اللّٰهِ وَاللّٰهُ اَكْبَر (അല്ലാഹുവിന്റെ നാമത്തിൽ ഞാനീ ത്വവാഫ് ആരംഭിക്കുന്നു. അല്ലാഹു ഏറ്റവും വലിയവനാണ്) എന്ന് പറഞ്ഞുകൊണ്ടാണ്. തുടർന്ന്

اَللّٰهُمَّ إِيمَانًا بِكَ وَتَصْدِيقًا بِكِتَابِكَ وَوَفَاءً بِعَهْدِكَ وَاِتِّبَاعًا لِسُنَّةِ نَبِيِّكَ مُحَمَّدٍ ﷺ

(അല്ലാഹുവേ, നിന്നിൽ വിശ്വസിച്ചുകൊണ്ടും നിന്റെ ഗ്രന്ഥത്തെ സത്യപ്പെടുത്തിക്കൊണ്ടും നിന്നോട് ചെയ്ത കരാറിന്റെ പൂർത്തീകരണമായും നിന്റെ പ്രവാചകനായ മുഹമ്മദിന്റെ ചര്യയെ അനുധാവനം ചെയ്തുകൊണ്ടും) എന്നുകൂടി പറയൽ സുന്നത്താകുന്നു.

കഅ്ബയുടെ റുക്നുൽ യമാനി എന്ന മൂലയിലെത്തിയാൽ സാധിക്കുമെങ്കിൽ അതിനെ വലതുകൈ കൊണ്ട് സ്പർശിച്ച് اللّٰهُ اَكْبَر എന്നു പറയേണ്ടതാണ്. റുക്നുൽ യമാനിക്കും ഹജറുൽ അസ്‌വദിനുമിടയിൽ ചൊല്ലാൻ നിർദേശിക്കപ്പെട്ട ഏക പ്രാർഥന

رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ

(ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് ഇഹത്തിലും പരത്തിലും നന്മ പ്രദാനം ചെയ്യേണമേ. ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കുകയും ചെയ്യേണമേ) എന്നതാകുന്നു.

ഐഹികവും പാരത്രികവുമായ സകല നന്മകളുടെയും അനുഗ്രഹങ്ങളുടെയും അധിപനും രക്ഷാശിക്ഷകൾക്കധികാരമുള്ളവനും അല്ലാഹു മാത്രമാണെന്ന വിശ്വാസത്തിൽ നിന്നുയിരെടുക്കുന്നതാണ് ഈ പ്രാർഥന.

ത്വവാഫിനു ശേഷം അനുഷ്ഠിക്കേണ്ട രണ്ട് റക്അത്ത് നമസ്കാരത്തിൽ ഓരോ റക്അത്തിലും പാരായണം ചെയ്യാൻ പ്രത്യേകം നിർദേശിക്കപ്പെട്ട ഖുർആനികാധ്യായങ്ങൾ തൗഹീദ് വിളംബരം ചെയ്യുന്നവയാണ്. ഒന്നാമത്തെ റക്അത്തിൽ ഓതേണ്ടത് സൂറത്തുൽ കാഫിറൂൻ-ദൈവേതരമായ സകല ആരാധനകളിൽനിന്നും ആരാധ്യന്മാരിൽനിന്നുമുള്ള വിമുക്തി പ്രഖ്യാപനം. രണ്ടാമത്തെ റക്അത്തിൽ ചൊല്ലുന്ന സൂറത്തുൽ ഇഖ്‌ലാസ് അല്ലാഹുവിന്റെ ഏകത്വത്തിന്റെയും അതുല്യതയുടെയും വിളംബരമാണ്.

ഹജ്ജിലെ മറ്റൊരു പ്രധാന കർമമാണ് സ്വഫാ-മർവ കുന്നുകൾക്കിടയിലെ ഓട്ടം. ഇബ്റാഹീം നബി(അ)യുടെ പത്നി ഹാജറ ദൈവികസഹായം തേടിക്കൊണ്ട് നടത്തിയ ഓട്ടപ്രദക്ഷിണത്തിന്റെ സ്മരണ പുതുക്കുകയാണ് അതിലൂടെ. സ്വഫായിലും മർവായിലും ചൊല്ലാൻ നിർദേശിക്കപ്പെട്ട ദിക്റുകളെല്ലാം തൗഹീദിൽ അധിഷ്ഠിതമാണ്. സ്വഫായിലും മർവായിലും കയറുമ്പോൾ إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ (നിശ്ചയം, സ്വഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്) എന്ന ആയത്ത് ഓതൽ സുന്നത്താകുന്നു. പിന്നീട് ഖിബ്‌ലയുടെ നേരെ തിരിഞ്ഞ് മൂന്നു പ്രാവശ്യം തക്ബീർ ചൊല്ലുകയും അല്ലാഹുവെ വാഴ്ത്തുകയും കൈ ഉയർത്തി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. താഴെ പറയുന്ന ദിക്റിന് പ്രത്യേക പ്രാധാന്യമുണ്ട്:

لا إلهَ إلَّا اللّٰهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يحْيِي وَيُمِيتُ وَهُوَ عَلى كُلِّ شَيْءٍ قَدِير

لَا إِلَهَ إلاَّاللّٰهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْاَحْزَابَ وَحْدَهُ

(അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ല. അവൻ ഏകനാണ്. അവന് ഒരു പങ്കുകാരനുമില്ല. എല്ലാ അധികാരവും അവനു മാത്രം. എല്ലാ സ്തുതിയും അവന് അവകാശപ്പെട്ടതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ല. അവൻ ഏകനാണ്. അവൻ അവന്റെ വാഗ്ദത്തം പാലിക്കുകയും അവന്റെ അടിമയെ സഹായിക്കുകയും സഖ്യകക്ഷികളെ ഒറ്റക്ക് പരാജയപ്പെടുത്തുകയും ചെയ്തിരിക്കുന്നു).

ദുൽഹജ്ജ് പത്തിന് നിർവഹിക്കപ്പെടുന്ന അധികകർമങ്ങളും ഏക ദൈവവിശ്വാസം വിളംബരം ചെയ്യുന്നതാണ്. ആദ്യമായി നിർവഹിക്കുന്നത് ജംറത്തുൽ അഖബയിലെ കല്ലേറാണ്. ഓരോ കല്ലെറിയുന്നതും അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ടായിരിക്കും.

ഹജ്ജിലെ ഏറ്റവും പ്രധാന കർമം ദുൽഹജ്ജ് ഒമ്പതിന് അറഫയിലെ നിർത്തമാണ്. 'ഹജ്ജ് അറഫയാണെ'ന്ന് നബി(സ) പറയുകയുണ്ടായി. അവിടത്തെ പ്രധാന അനുഷ്ഠാനം ഏക ഇലാഹായ അല്ലാഹുവോടുള്ള നിസ്വാർഥ പ്രാർഥനയും ദിക്റുമാണ്. തന്റെ ഐഹികവും പാരത്രികവുമായ മുഴുവൻ ആവശ്യങ്ങളും സമർപ്പിക്കാനുള്ള ഏക ഇടം ഏക ഇലാഹായ അല്ലാഹുവിന്റെ സമക്ഷത്തിങ്കലാണെന്ന ബോധം സത്യവിശ്വാസികളുടെ ഹൃദയത്തിൽ കൂടുതൽ ശക്തമാകുന്ന സന്ദർഭമാണിത്.

അറഫയിൽനിന്ന് ഹാജിമാർ രാത്രി മുസ്ദലിഫയിലെത്തുന്നു. അന്നു രാത്രി അവിടെ കഴിച്ചുകൂട്ടി പിറ്റേന്ന് രാവിലെ അല്ലാഹുവെ സ്മരിക്കേണ്ടതാണ്. അല്ലാഹു പറയുന്നു:

فَإِذَآ أَفَضۡتُم مِّنۡ عَرَفَٰتٖ فَٱذۡكُرُواْ ٱللَّهَ عِندَ ٱلۡمَشۡعَرِ ٱلۡحَرَامِۖ
وَٱذۡكُرُوهُ كَمَا هَدَىٰكُمۡ

(അറഫാത്തിൽനിന്ന് നിങ്ങൾ പുറപ്പെട്ടു കഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവെ സ്മരിക്കുവിൻ. അവൻ നിങ്ങൾക്ക് വഴി കാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ- *അൽബഖറ* 198).

സുബ്ഹ് നമസ്കാരാനന്തരം സാധ്യമാവുമെങ്കിൽ മശ്അറുൽ ഹറാമിനടുത്തുപോയി അല്ലാഹുവെ സ്മരിക്കുകയും അവനോട് പ്രാർഥിക്കുകയുമാണ് വേണ്ടത്. മുസ്ദലിഫയിലെ 'ഖുസഅ്' എന്ന കുന്നിനാണ് മശ്അറുൽ ഹറാം എന്നു പറയുന്നത്. അതിന് സമീപം പിൽക്കാലത്ത് നിർമിക്കപ്പെട്ട പള്ളി മസ്ജിദുൽ മശ്അരിൽ ഹറാം എന്ന പേരിൽ അറിയപ്പെടുന്നു. നബി(സ) അവിടെ വെച്ചാണ് പ്രാർഥിച്ചത്.

ദുൽഹജ്ജ് പത്തിന് നിർവഹിക്കപ്പെടുന്ന അധികകർമങ്ങളും ഏക ദൈവവിശ്വാസം വിളംബരം ചെയ്യുന്നതാണ്. ആദ്യമായി നിർവഹിക്കുന്നത് ജംറത്തുൽ അഖബയിലെ കല്ലേറാണ്. ഓരോ കല്ലെറിയുന്നതും അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ടായിരിക്കും.

അന്ന് നിർവഹിക്കപ്പെടുന്ന മറ്റൊരു കർമമാണ് ബലി. ബലിയനുഷ്ഠിക്കുമ്പോൾ അല്ലാഹുവിന്റെ നാമമുച്ചരിക്കാനും അവനെ വാഴ്ത്താനും ഖുർആനിൽതന്നെ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: "ജനങ്ങളിൽ ഹജ്ജിന് പൊതുവിളംബരം ചെയ്യുക. കാൽനടയായും അകലെയുള്ള മലയിടുക്കുകൾ താണ്ടി ക്ഷീണിച്ച ഒട്ടകങ്ങളിൽ യാത്ര ചെയ്തും അവർ താങ്കളുടെ അടുക്കലേക്ക് വരട്ടെ. അവർക്കായി ഒരുക്കിയിട്ടുള്ള പ്രയോജനങ്ങൾ കാണാനും അല്ലാഹു അവർക്കേകിയ മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമത്തിൽ ബലിയർപ്പിക്കാനും വേണ്ടി" (*അൽഹജ്ജ്* 27,28).

"ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്കതിൽ ഗുണമുണ്ട്. അതിനാൽ അവയെ കാലുകളിൽ നിർത്തി അല്ലാഹുവിന്റെ നാമത്തിൽ ബലിയറുക്കുക" (*അൽഹജ്ജ്* 36).

ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് ദിവസങ്ങളിൽ മൂന്ന് ജംറകളിൽ ഏഴു വീതം കല്ലെറിയേണ്ടതാണ്. ഓരോ കല്ലെറിയുമ്പോഴും 'അല്ലാഹുഅക്ബർ' എന്ന് പറയുകയും വേണം.

പ്രസ്തുത ദിവസങ്ങളിൽ കൂടുതലായി അല്ലാഹുവെ സ്മരിക്കാൻ അവൻ കൽപിക്കുകയും ചെയ്തിരിക്കുന്നു: "നിങ്ങൾ ഹജ്ജിലെ (പ്രധാന) കർമങ്ങൾ അനുഷ്ഠിച്ചു കഴിഞ്ഞാൽ അല്ലാഹുവെ സ്മരിക്കുക, മുമ്പ് നിങ്ങൾ നിങ്ങളുടെ പൂർവ പിതാക്കളെ സ്മരിച്ചിരുന്ന പോലെ. അല്ല, അതിനേക്കാൾ നിറഞ്ഞ മനസ്സോടെ അല്ലാഹുവെ സ്മരിക്കുക" (*അൽബഖറ* 200).

"(ഹജ്ജിലെ) നിശ്ചിത ദിവസങ്ങളിൽ അല്ലാഹുവെ സ്മരിക്കുക" (*അൽബഖറ* 203).

ചുരുക്കത്തിൽ, ഹജ്ജിൽ അനുഷ്ഠിക്കപ്പെടുന്ന വിവിധ കർമങ്ങളിൽ തൗഹീദിന് പ്രത്യേകം ഊന്നൽ നൽകുന്നതായി കാണാം. ■